ക്ലാസ്സ്
6

മതബോധനകേന്ദ്രം
മാനന്തവാടി രൂപത
First Semester Examination 2026-27

ആകെ മാർക്ക് : 80
പാർട്ട് 1 : 60
പാർട്ട് 2 : 20
സമയം : 2 മണിക്കൂർ

പേര്, വീട്ടുപേര് :

പാർട്ട് 1

ശരിയായ ഉത്തരം കോളത്തിൽനിന്ന് എടുത്തെഴുതുക. **5×1=5**

1. "ഇതാ ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" എന്ന് ഈശോയെക്കുറിച്ച് പറഞ്ഞതാര്?
2. "നോമ്പിന്റെ സ്നേഹിതർ" എന്നു പാശ്ചാത്യ മിഷനറിമാർ വിശേഷിപ്പിച്ചത് ആരെ?
3. യൗസേപ്പ് ആരുടെ വംശത്തിൽപ്പെട്ടവനായിരുന്നു?
4. "സത്യമായും ഈ മനുഷ്യൻ ദൈവപുത്രനായിരുന്നു." എന്ന് ദൈവത്തെ സ്തുതിച്ചുകൊണ്ട് പറഞ്ഞതാര്?
5. ഈശോയുടെ പീഢാനുഭവ പ്രവചനങ്ങൾ ഉപമയിലൂടെ അവതരിപ്പിച്ച ശ്ലീഹാ?

- ശതാധിപൻ
- ദാവീദ്
- യോഹന്നാൻ
- ലേവി
- സ്നാപകയോഹന്നാൻ
- മാർത്തോമ നസ്രാണികൾ

ശരിയായ ഉത്തരം (✓) ചെയ്യുക. **5×1=5**

6. ഈശോയിൽ നാം കാണുന്ന സഹദാസനേക്കുറിച്ച് പ്രവചിച്ചത്?

	ജറെമിയ		ഏശയ്യ		എസെക്കിയേൽ

7. അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ച് സ്വർഗ്ഗത്തിലുണ്ടാകുന്ന സന്തോഷത്തിന്റെ ആഴം വ്യക്തമാക്കാൻ ഈശോ പറഞ്ഞ ഉപമ?

	ധൂർത്തപുത്രന്റെ ഉപമ		നഷ്ടപ്പെട്ടുപോയ ആടിന്റെ ഉപമ		കാണാതായ നാണയത്തിന്റെ ഉപമ

8. ഈശോയുടെ കുരിശുമരണം നമുക്ക് എന്തെല്ലാമാണ് നേടിത്തന്നത്?

	രക്ഷയും പാപമോചനവും		ദൈവമക്കളാകാൻ അവസരം		ദൈവത്തിന്റെ വലത്ത് ഭാഗത്തുള്ള സ്ഥാനം

9. 'ഉപവാസം' എന്ന വാക്കിന്റെ അർത്ഥം.

	വിഭൂതി		കൂടെ വസിക്കൽ		നോമ്പ്

10. 'പ്രത്യക്ഷീകരണം' എന്നർത്ഥമുള്ള സുറിയാനി വാക്ക്?

	ദനഹ		വിഭൂതി		ഏൽപ്പയ്യാ

ഉത്തരമെഴുതുക. **5×1=5**

11. "വിശ്വസിച്ചാൽ നീ ദൈവമഹത്വം ദർശിക്കും." യേശു ആരോട് പറഞ്ഞ വാക്കുകളാണിത്?
12. 'മിശിഹാ' എന്ന വാക്കിന്റെ അർത്ഥം?
13. വലിയ നോമ്പാരംഭത്തിൽ ആചരിക്കുന്ന ആഘോഷപൂർവ്വകമായ അനുതാപ ശുശ്രൂഷ?
14. കർത്താവിന്റെ വർഷം എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?
15. ഭൗതീകതയിലും സമ്പത്തിലും ആശ്രയിക്കാതെ ദൈവത്തിന്റെ കരുണയിലും പരിപാലനയിലും പൂർണ്ണമായി ആശ്രയിക്കുന്നവർ?

കോളങ്ങൾ പൂർത്തിയാക്കാം. **3×1=3**

16. ദുഃഖവെള്ളിയാഴ്ച ഈശോയുടെ ജീവിതത്തിലെ അനുസ്മരിക്കുന്ന 3 കാര്യങ്ങൾ?



ഒന്നോ രണ്ടോ വാക്യങ്ങളിൽ ഉത്തരമെഴുതുക. **7×2=14**

17. പശ്ചാത്തപിച്ച ധൂർത്തപുത്രൻ പിതാവിനോട് പറയാൻ തീരുമാനിച്ച രണ്ടു കാര്യങ്ങൾ?

18. ഈശോയുടെ ജനനം അനുസ്മരിച്ചുകൊണ്ട് വി. കുർബാനയിൽ ആലപിക്കുന്ന ഗീതം ഏത്?

19. വിശുദ്ധ കുർബാനയിൽ ഈശോയുടെ കാൽവരിയാത്ര അനുസ്മരിക്കുന്നത് എപ്പോൾ?

20. ബെത്സയ്ഥാ തളർവാതരോഗിയെ സുഖപ്പെടുത്തിക്കൊണ്ട് ഈശോ അരുളിചെയ്തതെന്ത്?

21. ദൈവരാജ്യം എന്താണെന്നാണ് പൗലോസ് ശ്ലീഹ പഠിപ്പിക്കുന്നത്?

22. പിച്ചള സർപ്പത്തിന്റെ പ്രതിരൂപം ഈശോയിൽ അന്വർത്ഥമായത് എങ്ങനെ?

23. ഈശോ തന്റെ പരസ്യജീവിതം ആരംഭിച്ചത് ഏത് ആഹ്വാനത്തോടെയാണ്?

24 മുതൽ 27 വരെയുള്ള ചോദ്യങ്ങൾക്ക് മൂന്നോ നാലോ വാക്യങ്ങളിൽ ഉത്തരമെഴുതുക. **4×4=16**

24. പട്ടിക പൂർത്തിയാക്കുക.

മംഗളവാർത്തക്കാലം	പിറവിക്കാലം
1. മറിയത്തിന് മംഗളവാർത്ത	1. ഈശോയുടെ ജനനം
2.	2. .....
3.	3. .....

25. ഈശോയുടെ മാമ്മോദീസാവേളയിൽ ത്രിത്വരഹസ്യം വെളിവാക്കപ്പെട്ടത് എങ്ങനെ?

26. **കുറിപ്പെഴുതുക.** സീറോ മലബാർ സഭയിൽ നാം അനുസ്മരിക്കുന്ന ഏതെങ്കിലും 4 നോമ്പുകൾ.

27. ദനഹാത്തിരുനാൾ എന്താണെന്നു വിശദമാക്കുക.

ഒരു ഖണ്ഡികയിൽ (Paragraph) **ഉത്തരമെഴുതുക.** **1×5=5**

28. ഈശോ കടലിനെ ശാന്തമാക്കിയ സംഭവം ചുരുക്കി വിവരിച്ച് നിങ്ങൾക്ക് ലഭിച്ച വിശ്വാസസന്ദേശം എഴുതുക.

വിശദീകരിച്ച് ഉത്തരമെഴുതുക. **1×7=7**

29. നഷ്ടപ്പെട്ടവരെ തേടിയുള്ള ഈശോയുടെ സ്നേഹമാണ് നഷ്ടപ്പെട്ടുപോയ ആടിന്റെ ഉപമയിലുള്ളത്.

പാർട്ട് 2

ശരിയായ ഉത്തരം ബ്രായ്ക്കറ്റിൽ നിന്ന് തെരഞ്ഞെടുത്തെഴുതുക. **4×1=4**

(ഫ്രാൻസ്, ജർമ്മനി, വി. യൂദാതദ്ദേവൂസ്, വി. എഫ്രേം, വി. ഫ്രാൻസീസ് സേവ്യർ)

1. പരിശുദ്ധാത്മാവിന്റെ വീണ
2. അസാധ്യകാര്യങ്ങളുടെ മദ്ധ്യസ്ഥൻ
3. ഭാരതത്തിന്റെ രണ്ടാം അപ്പസ്തോലൻ
4. പുണ്യവാന്മാരുടെ തൊട്ടിൽ എന്നറിയപ്പെടുന്ന രാജ്യം
5. മാർപാപ്പയുടെ നേതൃത്വത്തിലുള്ള വിശ്വാസസമൂഹം ഏതാണ്? **1**

6. നമ്മുടെ സമുദായത്തിന്റെ രണ്ടു പ്രധാനപ്പെട്ട വിഭവങ്ങളുടെ പേരെഴുതുക. **2**

7. മനസ്താപപ്രകരണം എഴുതുക. **4**

8. “ഈശോ എന്ന തിരുനാമം ഉച്ചരിക്കുന്നത് എന്റെ നാവിന് ഏറെ മധുരമാണെന്നു” പറഞ്ഞ വിശുദ്ധ അൽഫോൻസാമ്മയെക്കുറിച്ച് നിങ്ങൾ പഠിച്ച 4 കാര്യങ്ങൾ എഴുതുക. **4**

9. വിശുദ്ധ ചാവറയച്ചന്റെ കുട്ടികളോടുള്ള ഒരു സ്നേഹസന്ദേശം എഴുതുക. **2**

വചനം പൂർത്തീകരിക്കുക. **3**

10. “അനുതാപം ..... തൊണ്ണൂറ്റൊൻപത് നീതിമാന്മാരേക്കുറിച്ച് എന്നതിനേക്കാൾ .....ഒരു പാപിയെക്കുറിച്ച് . ..... കൂടുതൽ സന്തോഷമുണ്ടാകും.”